


ഇ-ലേണിങ് പ്ലാറ്റ്ഫോമിന്റെ ഉദ്ഘാടനം കേന്ദ്ര മാനവ വിഭവശേഷി മന്ത്രി പള്ളം രാജു നിർവഹിച്ചപ്പോൾ

# അമൃത സ്കൂളുകളിൽ ഇ-ലേണിങ് നടപ്പാക്കും

കൊല്ലം ● അധ്യാപകർക്കും വിദ്യാർഥികൾക്കും ആശയവിനിമയത്തിന്റെ നൂതന സാധ്യതകൾ പരിചയപ്പെടുത്താൻ അമൃത സർവകലാശാല സ്കൂളുകളിൽ വിഡിയോ കോൺഫറൻസിങ്ങും ഇ-ലേണിങ് സൗകര്യവും നടപ്പാക്കുന്നു. സിബിഎസ്ഇയുടെ മേൽനോട്ടത്തിലാണു പദ്ധതി.

ആന്ധ്രപ്രദേശിലെ കാക്കിനഡയിലെ അധ്യാപകർക്കായുള്ള മികവിന്റെ കേന്ദ്രത്തിൽ എ വ്യൂ (അമൃത വിർച്വൽ ഇന്ററാക്ടീവ് ഇ-ലേണിങ് വേൾഡ്) എന്നു പേരിട്ട ഇ-ലേണിങ് പ്ലാറ്റ്ഫോമിന്റെ ഉദ്ഘാടനം കേന്ദ്ര മാനവ വിഭവശേഷി മന്ത്രി പള്ളം രാജു നിർവഹിച്ചു. 2003ൽ ആരംഭിച്ച അമൃത സർവകലാശാലയിലെ മൾട്ടി ക്യാംപസിലാണ് എ വ്യൂ വികസിപ്പിച്ചത്. നിലവിൽ രാജ്യത്തെ 450 സർവകലാശാലകളും 3,500 കലാലയങ്ങളും എ വ്യൂ സംവിധാനം ഉപയോഗിക്കുന്നു.

പ്രത്യേക വിഷയങ്ങളിൽ മികവിന്റെ കേന്ദ്രത്തിലെ വിദഗ്ധർ എ വ്യൂ സംവിധാനത്തിലൂടെ മറ്റു കേന്ദ്രങ്ങൾക്കും വിദ്യാലയങ്ങൾക്കും പരിശീലനം നൽകും. ഈ പരിശീലനങ്ങൾ റിക്കോർഡ് ചെയ്യുകയും അധ്യാപകർക്ക് ഓൺലൈനിലൂടെ സംശയം ചോദിക്കുകയും ചെയ്യാം.